

# ഴാക് ദെറീദ
# വാക്കിന്റെ അപചയവും അഴിച്ചുപണിയും

**ദർശനം, സാഹിത്യം, വിമർശനം, നിയമം, രാഷ്ട്രമീമാംസ, ഭാഷാവിജ്ഞാനീയം തുടങ്ങി വാസ്തുശില്പവിദ്യയും ദൈവശാസ്ത്രവും വരെ എത്തുന്ന വിപുലമായ സ്വാധീനമാണ് ദെറീദയുടെ ചിന്തയും രചനകളും സൃഷ്ടിച്ചത്**

ഫാ. ഡോ. കെ.എം. ജോർജ്



മലയാളം Fri, 17 April 2015
epaper.malayalamvaarika.com/c/5157486

ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ലോകശ്രദ്ധയാകർഷിച്ച പ്രമുഖ പാശ്ചാത്യ ചിന്തകരിൽ ഒരാളാണ് ഷാക് ദെറീദ (1930–2004). ഫ്രെഞ്ച് കോളനിയായിരുന്ന അൾജീറിയയുടെ തലസ്ഥാനമായ അൾജിയേഴ്സിൽ ഒരു യഹൂദ കുടുംബത്തിൽ ജനിച്ച ദെറീദ 2004-ൽ പ്രോസ്റ്റേറ്റ് കാൻസർ ബാധിച്ചു മരിച്ചപ്പോൾ, അദ്ദേഹത്തിന്റെ നിര്യാണവാർത്ത ഔദ്യോഗികമായി ലോകത്തെ അറിയിച്ചത് ഫ്രെഞ്ച് പ്രസിഡന്റിന്റെ ഓഫീസിൽനിന്നുതന്നെയാണ്. ഇതൊരു അസാധാരണ ദേശീയ ബഹുമതിയായി കരുതണം. ദർശനം, സാഹിത്യം, വിമർശനം, നിയമം, രാഷ്ട്രമീമാംസ, ഭാഷാവിജ്ഞാനീയം തുടങ്ങി വാസ്തുശില്പവിദ്യയും ദൈവശാസ്ത്രവും വരെ എത്തുന്ന വിപുലമായ സ്വാധീനമാണ് ദെറീദയുടെ ചിന്തയും രചനകളും സൃഷ്ടിച്ചത്. പക്ഷേ, വായനക്കാർക്ക് മഹാദുർഘടം പിടിച്ച വഴിയാണ് അദ്ദേഹത്തിന്റെ കൃതികൾ വായിച്ചു മനസ്സിലാക്കുക എന്നത്.

ഫ്രെഞ്ച്, ജർമൻ, ഇംഗ്ലീഷ് തുടങ്ങിയ ആധുനിക യൂറോപ്യൻ ഭാഷകൾക്കൊപ്പം പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും ഗ്രീക്ക് ഭാഷ 'പച്ചവെള്ളംപോലെ' അറിയുന്ന ദെറീദ ഭാഷയുമായി ഒരുതരം മൽപ്പിടുത്തം നടത്തുന്നുണ്ട്. ഫ്രെഞ്ചുഭാഷയിൽനിന്ന് അദ്ദേഹത്തിന്റെ കൃതികൾ യൂറോപ്യൻ ഭാഷയായ ഇംഗ്ലീഷിലേക്കുപോലും മൊഴിമാറ്റം നടത്തുന്നത് അതീവ ക്ലിഷ്ടമാണ്; കാരണം തന്റെ മാതൃഭാഷയായ പരന്ത്രീസ്സിലെ വാക്കുകൾക്ക് അദ്ദേഹം നൽകുന്ന ധ്വനികളും ദ്വയാർത്ഥങ്ങളും ദാർശനികമായ ഞാണിന്മേൽകളികളും കണക്കിലെടുത്താൽ, ഭാഷ എന്ന സങ്കല്പനത്തിന്റെ വേരുകളിലേക്ക് പോകുന്ന ഒരുതരം വാഗ്‌ലീലയിൽ അദ്ദേഹം അഭിരമിക്കുന്നതായി കാണാം. ദെറീദയുടെ പേരിൽ അമേരിക്കക്കാരും മറ്റും പ്രസിദ്ധമാക്കിയ ഡീകൺസ്ട്രക്ഷൻ (അപനിർമാണം) എന്നത് ഇത്തരമൊരു കുസൃതിനിറഞ്ഞ കളിവായനയാണ് എന്നു വേണമെങ്കിലും പറയാം. ചിലപ്പോഴൊക്കെ അക്കളി തീക്കളിയാവുകയും വേരുറച്ചുവെന്ന് കരുതിയ പല ദാർശനിക-സാഹിതീയ ധാരണകളെയും ചുട്ടുകളയുകയും ചെയ്യുന്നുണ്ട്.

ജൂത കുടുംബത്തിൽ ഫ്രെഞ്ചുപൗരനായി ജനിച്ച ദെറീദ നാറ്റ്സി ഭരണകാലത്ത്, ജൂതന്മാരോടുള്ള വംശീയ വിദ്വേഷത്തിന്റെ സാഹചര്യങ്ങളിലാണ് ബാല്യവും കൗമാരവും കഴിച്ചുകൂട്ടിയത്. ഇരുപതാം നൂറ്റാണ്ടിലെ പ്രമുഖനായ ബുദ്ധിജീവിയായി ഉയർന്ന ദെറീദ പല പരീക്ഷകൾക്കു തോറ്റയാളാണ്. അവസാനം, ഫ്രാൻസിലെ ഉന്നത വിദ്യാപീഠമായി കരുതപ്പെടുന്ന 'ഇക്കോൾ നോർമാൽ സ്യുപേരിയേർ' നടത്തുന്ന കടുത്ത പ്രവേശനപരീക്ഷയിലും തോറ്റുവെങ്കിലും രണ്ടാം പ്രാവശ്യം എഴുതി ജയിച്ചു. സുദീർഘമായ അക്കാദമിക്ക് സപര്യയിലേക്കുള്ള അദ്ദേഹത്തിന്റെ തുടക്കം അവിടെയായിരുന്നു. ഫ്രാൻസിലും പിന്നെ ഇടയ്ക്കിടെ അമേരിക്കയിലും പഠിപ്പിച്ചുപോന്ന ദെറീദയെ വ്യാപകമായി പ്രശസ്തനാക്കിയത്, രചനകളുടെ ഇംഗ്ലീഷ് തർജ്ജമകളും അമേരിക്കൻ അക്കാദമിക് സമ്പർക്കവുമാണ്.

## വാക്കുദിച്ച ദിക്ക്


ക്ലേശകരമായ വായന ആവശ്യപ്പെടുന്ന ദെറീദയുടെ ചിന്തയിലേക്ക് ചില പാർശ്വവീക്ഷണങ്ങൾ സാദ്ധ്യമാണ്. അദ്ദേഹത്തിന്റെ ചിന്താസൗധത്തിന്റെ ചില ആധാരശിലകളെക്കുറിച്ചു മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

മുൻ ചർച്ചകളിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ, ആധുനിക പാശ്ചാത്യ ചിന്തകരെ പാശ്ചാത്യ സംസ്കാരത്തിന്റെ പരസ്പരബന്ധിതമായ പൊതുധാരയിൽനിന്ന് വേരിട്ട് അടർത്തിയെടുത്ത് ഒറ്റയ്ക്ക് പഠിക്കാൻ പ്രയാസമാണ്. കാരണം ക്ലാസിക്കൽ ഗ്രീക്ക് ചിന്തകരെ ഒഴിച്ചുനിർത്തിയാൽ ഏറ്റവും കുറഞ്ഞത് അഞ്ചു നൂറ്റാണ്ടുകളെങ്കിലും നീളുന്ന ആധുനിക പാശ്ചാത്യചിന്തയിൽ എല്ലാ കണ്ണികളും തൊട്ടുതൊട്ടുവരുന്ന ശൃംഖലപോലെയാണ്. ബൗദ്ധികവും ആദ്ധ്യാത്മികവുമായ ഈ കണ്ണികൾ എല്ലാം ചേർന്ന് ഒരു മാലപോലെ അതിന്റേതായ ഒരു വൃത്തമുണ്ടാക്കിയിട്ടുണ്ട്.

ഈ സാംസ്കാരിക മാവട്ടത്തിന്റെ പരിധിക്കുള്ളിൽ ഓരോന്നും മറ്റുള്ളവയോടു അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. ഉദാഹരണമായി, ദെറീദ എന്ന കണ്ണിയെക്കുറിച്ച് പഠിക്കുന്നവർ, അതിനോട് തൊട്ടുകൊളുത്തിയിരിക്കുന്ന എഡ്മണ്ട് ഹുസ്സേളിന്റ ഫിനോമെനോളജി, ഹൈഡഗ്ഗറിന്റെ അസ്തിത്വദർശനം, സോസ്യൂറിന്റെ ഭാഷാശാസ്ത്രം ലെവിനാസിന്റെ ദാർശനിക-നൈതിക വിചിന്തനം, ലെവി-സ്ട്രോസ്സിന്റെ ഘടനാവാദം എന്നീ വിഗ്രഹങ്ങളെയെല്ലാം വിമർശനാദരപൂർവം വലംവച്ച്, ഫ്രഡറിക് നീച്ചേയും ഫ്രോയിഡും മാർക്സും അവർക്കുമുമ്പ് ഇമ്മാനുവൽ കാന്റും ഹെഗലും മറ്റും അടങ്ങിയ പൂർവസൂരികളെ പൂജിച്ച് യൂറോപ്യൻ അന്ധകാരയുഗത്തിന്റെ ഇരുണ്ട ഇടനാഴികൾ ചുറ്റിച്ചുറ്റി, പ്ലേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും ശ്രീകോവിലിലെത്തണം. ഇതിനിടയിൽ യഹൂദ-ക്രൈസ്തവ പൈതൃകങ്ങളുടെ അനേകം പ്രതിഷ്ഠകളുമുണ്ട്. യൂറോപ്യൻ സംസ്കാരത്തിൽ ജനിച്ചുവളർന്ന ബഹുഭൂരിപക്ഷം വിദ്യാസമ്പന്നർക്കുപോലും ദുഷ്ക്കരമായ ഒരു വിഘ്ന പ്രദക്ഷിണമാണിത്. എങ്കിലും ഇന്ത്യയിൽ അമൂർത്തമായ വേദാന്തചർച്ചകളുടെ പൊട്ടുംപൊടിയും സാധാരണക്കാർക്കും കിട്ടുന്നതുപോലെ, ആ സാംസ്കാരിക പരിതോവസ്ഥയിൽ ജീവിക്കുന്നവർക്ക് ഒരുപക്ഷേ, ഇതു കുറച്ചൊക്കെ മനസ്സിലാകുമായിരിക്കും. അതിന് പുറത്തുള്ളവർക്ക് ഇത് ഏതാണ്ട് അഗമ്യവും അപ്രസക്തവുമായി തോന്നാം. എങ്കിലും മനുഷ്യചരിത്രത്തിലെ അപൂർവ പ്രതിഭാസമായി മാറിയ ആധുനിക പാശ്ചാത്യ സംസ്കാരത്തെ മനസ്സിലാക്കാൻ ഇതൊക്കെ കുറെ അറിയാൻ ശ്രമം നടത്തിയേ മതിയാവൂ.

ദെറീദയെ അല്പമെങ്കിലും മനസ്സിലാക്കാൻ ചില അടിസ്ഥാനപരമായ കാര്യങ്ങൾ അറിഞ്ഞിരിക്കണം. ഒന്ന്: ലോഗോസ് എന്ന ആശയം. ആ വാക്കിന് പാശ്ചാത്യ ചിന്തയിലുള്ള സ്ഥാനം എന്താണെന്ന് അറിയേണ്ടതുണ്ട്. യഥാർത്ഥത്തിൽ, ആധുനിക പാശ്ചാത്യ ചിന്തയേയും ബൗദ്ധിക സംസ്കാരത്തേയും മുഴുവനായി


മലയാളം Fri, 17 April 2015
epaper.malayalamvaarika.com/c/5157254



ഴാക് ദെറീദ

പ്രതിനിധാനം ചെയ്യുന്ന ഒരു പദമാണിത്. ഗ്രീക്ക് ഭാഷയിൽ ലോഗോസ് എന്നാൽ, വാക്ക്, യുക്തി (word, reason) എന്നാണ് നാം ആദ്യം പഠിക്കുന്നത്. എന്നാൽ, ഭാഷ, പ്രബന്ധം, വാദം, പ്രഭാഷണം, കാര്യകാരണക്രമം, പ്രപഞ്ചത്തിന്റെ സംഘാടകയുക്തി എന്നിങ്ങനെ നിരവധി അർത്ഥങ്ങളുണ്ട്. ആഴത്തിൽ ചെല്ലുമ്പോൾ ഈ വാക്ക് സൂചിപ്പിക്കുന്ന ആശയലോകം വളരെ വിസ്തൃതവും സങ്കീർണവുമാണെന്ന് കാണാം. നാം അറിയുന്നതും അറിയാത്തതുമായ പ്രപഞ്ചത്തെ മുഴുവനായി സൃഷ്ടിക്കുകയും സംഘടിപ്പിക്കുകയും ചലിപ്പിക്കുകയും ചെയ്യുന്ന ആത്യന്തിക യുക്തിയാണത്. ഗ്രീക്കുകാരിൽനിന്ന് അത് ആദ്യം ഏറ്റുവാങ്ങിയത് ക്രിസ്തീയ മതദർശനമാണ്. അതുകൊണ്ടാണ്, യേശുക്രിസ്തുവിനെക്കുറിച്ച് സുവിശേഷം എഴുതിയ വിശുദ്ധ യോഹന്നാൻ, ആദ്യമായി, ഗ്രീക്കു ഫിലോസഫിയിൽനിന്ന് കടമെടുത്ത ലോഗോസ് എന്ന ആശയമുപയോ



മലയാളം Fri, 17 April 2015
epaper.malayalamvaarika.com/c/5157407

ഗിച്ച് രേഖപ്പെടുത്തിയത്: "ആദിയിൽ ലോഗോസ് ഉണ്ടായിരുന്നു, ലോഗോസ് ദൈവത്തോടുകൂടിയായിരുന്നു. ലോഗോസ് ദൈവമായിരുന്നു." വാക്ക്, വചനം എന്നൊക്കെ മൊഴിമാറ്റം.

മതേതരമായ തലത്തിൽ അദൃശ്യവും അമൂർത്തവുമായ ലോഗോസ് എന്ന 'ആശയം' മൂർത്തമായി ആവിഷ്ക്കരിക്കപ്പെടുന്നതാണ് മനുഷ്യന്റെ ഭാഷ. അർത്ഥപൂർണമായി സംസാരിക്കാനുള്ള മനുഷ്യന്റെ കഴിവിനെയാണ് power of speech (logical power) എന്നു പറയുന്നത്. ഗ്രീക്ക് ചിന്തകരുടേയും അവരെ തുടർന്ന് പുരാതന ക്രൈസ്തവ ചിന്തകരുടേയും ധാരണയനുസരിച്ച് ഈ ഭാഷാശേഷിയാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്. മനുഷ്യന്റെ 'വിശേഷബുദ്ധി'യെന്നാണ് ഈ കഴിവിനെ വിശേഷിപ്പിക്കുന്നത്. തിര്യക്കുകളിൽനിന്നും മനുഷ്യനെ വ്യതിരിക്തനാക്കുന്നത് ഈ ലോഗോസ് അഥവാ സംസാര/ഭാഷാശേഷിയാണ്. (ലോഗോസിന്റെ ലത്തീൻ തർജ്ജമ ratio അതിൽനിന്ന് rational എന്ന വാക്ക്). ലോഗോസ് ഉള്ള മനുഷ്യനാണ് logical/rational ആകുന്നത്. അതില്ലാത്ത മനുഷ്യേതരമായ സകല ജീവജാലങ്ങളെയും alogoi/irrational എന്നാണ് ഗ്രീക്കുകാർ വിശേഷിപ്പിക്കുന്നത്. ലോഗോസ് എന്ന പദംകൊണ്ട് ദിവ്യ യാഥാർത്ഥ്യത്തേയും മനുഷ്യയുക്തിയേയും പ്രപഞ്ചക്രമത്തേയും ഭാഷയേയും വിശേഷിപ്പിക്കുമ്പോൾ നമുക്കു മനസ്സിലാകും അതിന്റെ നിർണായകമായ സ്ഥാനം എന്താണെന്ന്. ഇത്ര വിപുലമായ ആശയത്തെയാണ് ചിലപ്പോൾ വളരെ ശോഷിപ്പിച്ച് rationality, reason തുടങ്ങിയ വാക്കുകളിൽ നാം ഒതുക്കുന്നത്.

രണ്ട്: ശാസ്ത്രവും സാങ്കേതിക വിദ്യയുമുൾപ്പെടെയുള്ള ആധുനികതയുടെ (modernity) ആണിക്കല്ലാണ് ലോഗോസ് അഥവാ Reason. Logocentrism എന്ന പ്രയോഗം ദെറീദ വിമർശനത്തോടെ ഉപയോഗിക്കുന്നു. പോസ്റ്റ് മോഡേൺ സമീപനങ്ങളിലൊക്കെ ഈ യുക്തിയും അതിന്റെ ക്രമവും വിമർശിക്കപ്പെടുന്നു. ദെറീദയുടെ അപനിർമാണത്തിലും പ്രധാനമായും അദ്ദേഹം തകർക്കാൻ ലക്ഷ്യം വയ്ക്കുന്നത് ഭാഷയിലൂടെ പ്രകടമാവുന്ന ഈ യുക്തിയുടെ തേർവാഴ്ചയാണ്. ഈ വാഗ്‌യുക്തിയെ സങ്കുചിതമായി ഉപയോഗിക്കുമ്പോൾ അതിന് അപചയം സംഭവിക്കുന്നു. ആധുനികതയിൽ ഈ അപചയവും ജീർണതയും സംഭവിച്ചതുകൊണ്ടാണ് അപനിർമാണം ആവശ്യമായി വരുന്നത്.

## ഭാഷയും ഭാഷണവും

വിശേഷബുദ്ധിയുടെ അടയാളമായ ഭാഷയ്ക്ക് പരമ്പരാഗതമായി രണ്ടു രൂപങ്ങളാണല്ലോ-വാമൊഴിയും വരമൊഴിയും. പ്ലേറ്റോയുടെ കാലം മുതൽ പാശ്ചാത്യ മെറ്റാഫിസിക്സിൽ ഉച്ചരിക്കപ്പെടുന്ന വാക്കിനാണ്, രേഖപ്പെടുത്തുന്ന വാക്കിനല്ല പ്രാധാന്യം. ആദി സ്രോതസ്സിനോട് ഏറ്റവും അടുത്തു നിൽക്കുന്നത് ഉച്ചരിക്കപ്പെടുന്ന വാക്കാണ്. മനുഷ്യബുദ്ധിയുടേയും മനോവ്യാപാരത്തിന്റേയും നേരിട്ടുള്ള പ്രതിഫലനമാണ് സംസാരത്തിൽ/ഭാഷണത്തിൽ ഉണ്ടാകുന്നത്. എഴുത്താകുമ്പോൾ ആ സംസാരത്തിന്റെ ഒരു പടി അകലമുള്ള പ്രതിഫലനമാണ്. അപ്പോൾ എഴുതപ്പെട്ടതെല്ലാം മൂലസ്രോതസ്സിൽനിന്ന് രണ്ടുമടങ്ങ് അകലെ ആകുന്നു. പരമ്പരാഗതമായി എഴുത്തുഭാഷയ്ക്ക് രണ്ടാംസ്ഥാനം കൊടുക്കുകയും ഭാഷണഭാഷയ്ക്ക് പ്രഥമ സ്ഥാനം കൊടുക്കുകയും ചെയ്യുന്നതിനെ ദെറീദ ചോദ്യം ചെയ്യുന്നുണ്ട്. ഭാഷണംതന്നെയും ഒരുതരം എഴുത്താണെന്ന് സ്ഥാപിക്കാൻ അദ്ദേഹം ശ്രമിക്കയും ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് ദെറീദയുടെ പ്രസിദ്ധമായ വാക്യം 'പാഠത്തിനു പുറത്ത് ഒന്നുമില്ല' (There is nothing outside the text) എന്നത് മനസ്സിലാക്കേണ്ടത്.

മൂന്ന്: ഇവിടെ text അഥവാ പാഠം എന്ന ആശയത്തെക്കുറിച്ച് ഒരു വാക്ക് പറയേണ്ടതുണ്ട്. രചിക്കപ്പെട്ട പാഠവുമായി ഒരു നിരന്തരമായ മൽപ്പിടുത്തം യൂറോപ്യൻ സംസ്കാരത്തിലുണ്ട്. ഏതാണ്ട് ഏഴു നൂറ്റാണ്ടുകൾക്കു മുമ്പ് പാശ്ചാത്യ സ്കൊളാസ്റ്റിക് കാലഘട്ടത്തിൽ തോമസ് അക്വിനാസിനെപ്പോലെയുള്ള പ്രഗത്ഭരായ ക്രിസ്തീയ പണ്ഡിതന്മാർ ബൈബിൾ പാഠവുമായി തുടങ്ങിയ ബൗദ്ധിക യജ്ഞമാണല്ലോ 'യൂണിവേഴ്സിറ്റി' എന്ന ആശയമായി രൂപാന്തരപ്പെടുന്നത്. അവരുടെ 'ഇസ്കോളിൽ' പാഠം (text) എന്നാൽ, പ്രഥമമായും ബൈബിൾ പാഠമാണ് അതിന്റെ വായന (lectio), വായിച്ചതിനെപ്പറ്റിയുള്ള ചോദ്യം (quaestio), പിന്നെ ചർച്ച (disputatio) ഇതായിരുന്നു പാഠത്തെ കൈകാര്യം ചെയ്യാനുള്ള രീതി. വാസ്തവത്തിൽ അക്വിനാസ് മുതൽ ദെറീദ വരെയുള്ള പാശ്ചാത്യ അക്കാദമിക് പാരമ്പര്യത്തിൽ ഈ ശൈലിയുടെ അവിരാമമായ തുടർച്ച കാണാം. പാഠത്തിനുള്ളിലാണ് ഇതെല്ലാം നടക്കുന്നത്. പാഠവുമായുള്ള ദ്വന്ദയുദ്ധമാണ് ദെറീദയും നടത്തുന്നത്. ഇത് വളരെ വ്യത്യസ്തമായ തലങ്ങളിലാണെങ്കിലും, ഇവിടെയും വായന, ചോദ്യം, ചർച്ച എന്നിവതന്നെയാണ് അടിസ്ഥാന രീതി.

ഒരു കാര്യം ഇവിടെ സൂചിപ്പിക്കേണ്ടതുണ്ട്. ഇന്ന് ലോകത്തിൽ അധീശത്വം പുലർത്തുന്ന ആധുനിക പാശ്ചാത്യ സംസ്കാരത്തെ മുഴുവനായി ഒരു പാഠം എന്ന നിലയിൽ കരുതാമെന്ന് തോന്നുന്നു. ഈ സംസ്കാരത്തിന്റെ പ്രശസ്തി അതിന്റെ അക്ഷരപ്പെരുമയാണ്. 'അക്ഷര'മെന്ന പ്രതീകംകൊണ്ട് സാഹിത്യവും വേദശാസ്ത്രവും സയൻസും ടെക്നോളജിയും എല്ലാം സൂചിപ്പിക്കാം. അപ്പോൾ ദെറീദയുടെ അപനിർമാണത്തിനു വിഷയമാകുന്നത് പ്ലേറ്റോയുടെയോ ഷേക്സ്പിയറിന്റെയോ പാഠങ്ങൾ മാത്രമല്ല, പാശ്ചാത്യ സംസ്കാരം മുഴുവനുമാണ് എന്നു പറയാം. സാംസ്കാരികാപനിർമാണം (cultural deconstruction) എന്ന വിശാലമായ കാൻവാസ്സിലേ ദെറീദയുടെ ചിന്ത മനസ്സിലാക്കാൻ നമുക്കു സാധിക്കുകയുള്ളൂ.

നാല്: എന്താണ് അപനിർമാണം (Deconstruction) എന്ന് പലരും പ്രത്യേകിച്ച് അമേരിക്കക്കാരും ഇംഗ്ലീഷുകാരും ദെറീദയോട് പലവുരു ചോദിച്ചിട്ടുണ്ട്. ചോദ്യം ഒട്ടൊക്കെ അദ്ദേഹത്തെ അസ്ഡാളിപ്പിച്ചിട്ടുണ്ട്. സ്വന്തനാട്ടുകാരായ ഫ്രെഞ്ചുകാർ ആ വാക്കിന് അത്രയധികം വിപ്ലവ



മലയാളം Fri, 17 April 2015
epaper.malayalamvaarika.com/c/5157441



ദെറീദ ഉപയോഗിച്ച സ്വകാര്യ ലൈബ്രറി

കരമായ പ്രാധാന്യം കൊടുക്കുന്നുണ്ടെന്ന് തോന്നുന്നില്ല. ഇതുവരെ കെട്ടിയുറപ്പിച്ചതെല്ലാം വലിച്ചുപൊളിച്ചു കളയുകയാണ് deconstruction എന്നൊരു ധാരണ പൊതുവേയുണ്ട്. ഇതു ശരിയല്ലെന്ന് ദെറീദ പറയുന്നു. ചിലർ ഫ്രോയിഡിയൻ മനോവിശകലനത്തിന്റെ പശ്ചാത്തലത്തിൽ ഇതിനെ കാണുന്നു. മനുഷ്യമനസ്സിന് ബോധതലവും ഉപബോധതലവും അബോധതലവും ഉണ്ടെന്ന് പറയുന്നതുപോലെ ഒരു പാഠത്തിനുമുണ്ട്. അതിന്റെ ബോധതലത്തിൽ കർത്താവ് ഉദ്ദേശിക്കാത്തതോ തിരിച്ചറിയാത്തതോ ആയ അർത്ഥങ്ങൾ ആ പാഠത്തിന്റെ ഉപബോധ-അബോധതലങ്ങളിലുണ്ടാവാം. അവയിലേക്ക് പ്രവേശിക്കുന്ന വിമർശകൻ ആ പാഠം വായിക്കുമ്പോൾ, പുതിയ അർത്ഥങ്ങൾ കണ്ടെത്താം. ചിലപ്പോൾ ബോധതലത്തിലെ അർത്ഥത്തിന് കടകവിരുദ്ധമാകാം ഈ വായന. പുതിയ ബാന്ധവങ്ങളും ബന്ധനങ്ങളും അനാവരണം ചെയ്യപ്പെടും.

അഞ്ച്: അപോറിയ (aporia) എന്ന പുരാതന ഗ്രീക്കുപദം ഇവിടെ പ്രസക്തമാണ്. ഗ്രീക്ക് ദാർശനികരും പൗരസ്ത്യ ക്രിസ്തീയ ചിന്തകരും ധാരാളം ഉപയോഗിക്കുന്ന അപോറിയ എന്നാൽ, ഉത്തരം നൽകാനാവാത്ത ഒരു സമസ്യയാണ്. ഒരുതരം അസാദ്ധ്യതയാണത്. മലയാളത്തിൽ പറഞ്ഞാൽ ഒരു കടുംകെട്ട്, അല്ലെങ്കിൽ അഴിയാക്കുരുക്ക്, വഴിമുട്ടിയ, ഗതികെട്ട അവസ്ഥ. ഒരു പ്രത്യേക രചനയിൽ അഥവാ പാഠത്തിൽ ഇത്തരം കടുംകെട്ടുകൾ പലതു കാണും. പാഠത്തിനുള്ളിലെ വൈരുദ്ധ്യങ്ങളും ബന്ധങ്ങളും ബന്ധമില്ലായ്മയും വ്യംഗ്യങ്ങളും ഹാസ്യവും ആത്മവിമർശനവും ശ്രേണികളും ഒക്കെ വെളിപ്പെടുത്തുന്ന ഇത്തരം കടുംകെട്ടുകളെ അനാവരണം ചെയ്യുകയാണ് അപനിർമാതാവിന്റെ ഒരു ജോലി. പരമ്പരാഗതമായി നാമുപയോഗിക്കുന്ന ദ്വന്ദങ്ങളുണ്ടല്ലോ. സ്ത്രീ-പുരുഷൻ, ഇരുട്ട്-വെളിച്ചം, കറുപ്പ്-വെളുപ്പ്. ഇത് നിഷ്ക്കളങ്കവും നിഷ്പക്ഷവുമായ ദ്വന്ദങ്ങളല്ല; അവയിൽ ഒന്ന് എപ്പോഴും മറ്റതിന്മേൽ അധീശത്വം പുലർത്തുന്നതാണ്. ഒന്നു മറ്റതിനെക്കാൾ ശ്രേഷ്ഠമെന്ന ഒരു മൂല്യശ്രേണി (hierarchy) സൃഷ്ടിക്കപ്പെടുന്നുണ്ട്. അപനിർമാണത്തിൽ ഇത്തരം ദ്വന്ദങ്ങളേയും ശ്രേണികളേയും ചോദ്യം ചെയ്യുകയും കീഴ്മേൽ മറിക്കുകയും ചെയ്യാം. പാഠത്തിലെ ചില വാക്കുകളുടെ അർത്ഥധ്വനിതന്നെ സന്ദിഗ്ധതയോ സംഘർഷമോ സൃഷ്ടിക്കാം. ഉദാഹരണമായി ഫ്രെഞ്ച് ഭാഷയിൽ അതിഥിക്കും ആതിഥേയനും ഒറ്റവാക്കാണ്. ഒസർഫ എന്നു പറഞ്ഞാൽ രണ്ടുമാകാം. മാത്രമല്ല, അതിന്റെ ലത്തീൻ മൂലമായ hostis എന്ന വാക്കിന് ശത്രുവെന്നും അർത്ഥമുണ്ട് (hostile എന്ന ഇംഗ്ലീഷ് വാക്ക് ഓർക്കുക). ഒറ്റവാക്കിൽ സ്വാഗതവും തിരസ്ക്കരണവും സൗഹൃദവും ശത്രുതയും ധ്വനിപ്പിക്കാം.

ആറ്: ദെറീദയുടെ പ്രസിദ്ധമായ മറ്റൊരു പ്രയോഗമാണ് Difference-ഉം Differance-ഉം. ഫ്രെഞ്ചുഭാഷയിൽ ഇതിന്റെ ഉച്ചാരണ വ്യത്യാസം വളരെ സൂക്ഷ്മമാണ്. ആദ്യത്തേത് ഫ്രെഞ്ചിലും ഇംഗ്ലീഷിലുമുള്ള Difference തന്നെ. രണ്ടാമത്തേത് പുതിയൊരു വാക്ക് ദെറീദ സൃഷ്ടിച്ചതാണ്. പിന്നീടേയ്ക്ക് മാറ്റിവയ്ക്കുക, കാലതാമസം വരുത്തുക എന്നീ അർത്ഥങ്ങളുള്ള defer എന്ന പദത്തിൽനിന്നാണ് ഇതുണ്ടാക്കിയത്. ഈ വാക്ക് ഫ്രെഞ്ചുകാരുടെ പ്രസിദ്ധമായ Robert നിഘണ്ടുവിൽ പ്രത്യക്ഷപ്പെട്ടപ്പോൾ, ദെറീദയുടെ അമ്മ പറഞ്ഞത്രേ മകനോട്, സ്പെല്ലിംഗ് തെറ്റിയാണ് വാക്ക് അച്ചടിച്ചിരിക്കുന്നതെന്ന്.

ഒരുദാഹരണം പലരും ഉപയോഗിക്കുന്നത് പറയാം. വീട് എന്നു പറഞ്ഞാൽ നിങ്ങൾക്കൊരു ധാരണയുണ്ട്. പക്ഷേ, ഞാൻ താമസിക്കുന്നത് ഒറ്റനിലയിൽ പണിത വീട്ടിലാണ്. എന്റെയടുത്ത് ഒരു മുറി മാത്രമുള്ള ഓല മേഞ്ഞ വീട്ടിൽ എന്റെ അയൽക്കാരൻ വസിക്കുന്നു. 24 നിലകളുള്ള സ്വന്തം വീട്ടിലാണ് അതിനപ്പുറത്തുള്ള ഒരാൾ താമസിക്കുന്നത്. തെരുവോരത്ത് കീറിയ പ്ലാസ്റ്റിക് കഷണം ചേർത്തുവച്ച് മറ്റൊരാൾ താമസിക്കുന്നു. വീട് എന്ന വാക്കിന്റെ അർത്ഥം അതിൽത്തന്നെ വ്യക്തമല്ല. ഭാഷയിലെ ക്രിയയിലും ഈ സന്ദിഗ്ദ്ധത വരാം. 'നടക്കുന്നു' എന്നു പറയുന്നത് എപ്പോഴാണ് 'ഓടുന്നു' എന്നാകുന്നത്? നടപ്പും ഓട്ടവും തമ്മിൽ എവിടെയാണ് വേർതി



മലയാളം Fri, 17 April 2015
epaper.malayalamvaarika.com/c/5157455

രിയുന്നത്. മഞ്ഞയും ഓറഞ്ച് നിറവും തമ്മിൽ എവിടെയാണ് വേറിടുന്നത്? ഭൂതകാലവും വർത്തമാനകാലവും തമ്മിലുള്ള വേലി എവിടെയാണ്, എപ്പോഴാണ്?

അപ്പോൾ പൂർണമായ അർത്ഥമെന്നത്, defer ചെയ്തിരിക്കയാണ്, മാറ്റി വച്ചിരിക്കയാണ്. ഒരു വാക്കും വാക്യവും ഒരിക്കലും പൂർണമായ അർത്ഥത്തിൽ അവസാനിക്കുന്നില്ല. നിഘണ്ടുവിൽ ഒരു വാക്ക് നിങ്ങൾ നോക്കുന്നു. ആ വാക്കിന് കൊടുക്കുന്ന അർത്ഥങ്ങൾ അന്വേഷിക്കുമ്പോൾ വീണ്ടും നിങ്ങളെ പുതിയ വാക്കുകളിലേക്ക് കൊണ്ടുപോകുന്നു.

മലയാളഭാഷയിൽ വ്യോമം എന്നവാക്കിനർത്ഥം നോക്കുക. ഗഗനം എന്ന് അർത്ഥം നിഘണ്ടു നൽകുന്നു. അതു നോക്കുമ്പോൾ നഭസ്സ് - വിഹായസ്സ് - ആകാശം അങ്ങനെ പോകുന്നു. പാഠത്തിനുള്ളിൽ വാക്കുകൾക്ക് അർത്ഥം പൂർണമാക്കപ്പെടുന്നില്ല. അനന്തമായി അർത്ഥകല്പനയ്ക്ക് പാഠം വാതിൽ തുറക്കുകയാണ് എന്നു കാണിക്കാനാണ് ഈ രണ്ടു വാക്കുകൾ (Difference, Differance) ദെറിദ ഉപയോഗിക്കുന്നത്. മറ്റൊരു ഉദാഹരണമെടുക്കാം. ഞാൻ പൂച്ച എന്നു പറയുമ്പോൾ അത് പട്ടിയല്ല, പശുവല്ല, കാക്കയല്ല, കാക്കാത്തിയല്ല എന്നു നിങ്ങൾക്കു മനസ്സിലാകും. അതാണ് Differance. പൂച്ചയെ മറ്റു ജീവികളിൽ നിന്ന് വേർതിരിച്ച് പൂച്ചയാക്കുന്ന വ്യത്യാസം. എന്നാൽ, അർത്ഥം പൂർണമാകുന്നില്ല. പൂച്ച ഇന്നു രാവിലെ എന്റെ മേശമേൽ കയറി എന്നു പറയുമ്പോഴും പൂർണമായില്ല. അപനിർമാണത്തെക്കുറിച്ച് പറയാൻ തയാറാക്കിയ നോട്ടുകൾ പൂച്ച മാന്തിക്കീറി എന്നു പറയുമ്പോഴും പൂർത്തിയായില്ല. അതുകൊണ്ട് പ്രഭാഷണം റദ്ദാക്കി. കേൾക്കാൻ വന്നവരും സംഘാടകരും കോപിച്ചു... ഇങ്ങനെ നീണ്ടുപോകാം. എപ്പോഴാണ് അർത്ഥം പൂർത്തിയാകുന്നതെന്ന് ഒരിക്കലും പറയാനാവില്ല. പൂച്ച എന്തൊക്കെ ചെയ്തില്ല എന്നതും അർത്ഥകല്പനയ്ക്ക് ആവശ്യമാണ്. പാഠത്തിനുള്ളിലെ വാക്കുകൾക്ക് ഉണ്ടാവുന്ന പരസ്പര സൂചനകളും ബാന്ധവങ്ങളും വിരുദ്ധോക്തികളും എല്ലാം ചേർന്ന് അർത്ഥകല്പന അനന്തമായി നീളുന്നു. ഇതാണ് അർത്ഥത്തിന്റെ മാറ്റിവയ്ക്കൽ, വൈകിക്കൽ എന്ന differance എന്ന് ദെറിദാ സൂചിപ്പിക്കുന്നു.

ഏഴ്: അർത്ഥത്തിന്റെ ഈ അപൂർണതയും പാരസ്പര്യവും പരാധീനതയും എഴുതപ്പെട്ട ഒരു പാഠത്തിനുള്ളിൽ മാത്രമല്ല, നമ്മുടെ സംസ്കാരത്തിന്റെ ആകെത്തുകയിൽ ബാധകമാണ്. Modernity എന്നു നാം വിളിക്കുന്ന ആധുനികതയിൽ നിർവചിക്കപ്പെട്ട അർത്ഥങ്ങളുണ്ട്. പ്രവചന വിധേയമായ ഭാവിയും വ്യക്തമായ ബന്ധങ്ങളും അർത്ഥങ്ങളും നിർവചനങ്ങളും അവിടെ അനുപേക്ഷണീയമായി കരുതുമ്പോൾ, ഉത്തരാധുനികതയിൽ, അപനിർമാണത്തിൽ സംഗതികൾ നേരേ തിരിയുന്നു. നിർവചനങ്ങളില്ല, പ്രവചനീയതയില്ല, അർത്ഥപൂർത്തീകരണവും ഇല്ല.

പുരാതന ഗ്രീക്കു ഫിലോസഫിയുടെ പൈതൃകം ആദ്യം ഏറ്റുവാങ്ങിയത് പൗരസ്ത്യരായ ക്രിസ്തീയ ചിന്തകരാണ്. അവരുടെ ദൈവശാസ്ത്രവിചിന്തനത്തിൽ apophatic, negative എന്നൊക്കെ വിളിക്കുന്ന ദൈവശാസ്ത്രത്തിന്റെ നിഷേധ സമീപനം വളരെ പ്രധാനപ്പെട്ടതാണ്.

എന്താണ് ദൈവം, ആരാണ് ദൈവം എന്നൊരിക്കലും നിർവചിക്കാൻ ശ്രമിക്കുന്നില്ല. സമ്പൂർണമായ അജ്ഞേയതയാണ് ദൈവത്തിന്റെ സ്വഭാവം. അലക്സന്ത്രിയയിലെ ക്ലമന്റ് എന്ന ചിന്തകൻ പറഞ്ഞു: "ദൈവം ഉണ്ടെന്ന് നമുക്കറിയാം. എന്നാൽ, അതെന്താണെന്ന് അറിഞ്ഞുകൂടാ.'' ഈ കേവലമായ അപ്രമേയതയും അവർണനീയതയും മനുഷ്യസങ്കല്പത്തിനും ബുദ്ധിക്കും ഭാഷയ്ക്കും പൂർണമായും അതീതമാണ്. പിന്നെ സാദ്ധ്യമായത് നിഷേധമാണ്. ഇതാണോ ദൈവം? അല്ല. അതാണോ ദൈവം? അല്ല. ഇവിടെ ഇന്ത്യയിലെ അദ്വൈത വേദാന്ത ചിന്തയിൽ ശങ്കരാചാര്യരും മറ്റും ഉയർത്തിക്കാണിക്കുന്ന നേതി, നേതി തന്നെയാണ്.

എട്ട്: ദെറിദയുടെ ചിന്തയിലെ aporia-യും അസാദ്ധ്യതകളും ഏതാണ്ട് ഈ നൈഷേധിക ദൈവശാസ്ത്രത്തെ ഓർമിപ്പിക്കുന്നതാണ്. തന്റെ അക്കാദമിക് ജീവിതത്തിന്റെ രണ്ടാം പകുതിയിൽ ആതിഥ്യം, സമ്മാനദാനം, സൗഹൃദം എന്നിവയെക്കുറിച്ച് ദെറിദ നടത്തിയ രചനകൾ വായിച്ചാൽ അവയ്ക്ക് മുമ്പെഴുതിയതൊക്കെ കുറേക്കൂടി മനസ്സിലാക്കാവുന്നതാണ്. എങ്കിലും അവിടെയും അസാദ്ധ്യമായ ചില തലങ്ങളുണ്ട്. അതിഥിയെ സ്വീകരിക്കുന്നവൻ യാതൊരു പ്രതിഫലമോ തിരിച്ച് സ്വീകരണമോ ഭാവിയിൽ എന്തെങ്കിലുമോ പ്രതീക്ഷിക്കാതെ കേവലമായ നിഷ്ക്കാമ കർമമായി അത് ചെയ്യണം എന്നാണ് ദെറീദാ പറയുന്നത്. അതുപോലെ തന്നെ സമ്മാനം നൽകുന്നതും. ഈ ആശയങ്ങൾക്കൊക്കെ അനുകൂലവും പ്രതികൂലവും ആയ രാഷ്ട്രീയ വ്യാഖ്യാനങ്ങളുണ്ട്. കാരണം, പശ്ചിമ യൂറോപ്പിലേയും അമേരിക്കയിലേയും മറ്റും സങ്കീർണമായൊരു പ്രശ്നമാണ് ആ രാജ്യങ്ങളിലേക്കുള്ള വിദേശികളുടെ കുടിയേറ്റം. ഇത് വളരെ ചൂടേറിയ രാഷ്ട്രീയ വിവാദവും നൈതികമായ ചർച്ചകളും ഉണ്ടാക്കിയിട്ടുണ്ട്. ദെറിദായുടെ ജൂതവംശപൈതൃകവും യഹൂദ മതപാരമ്പര്യവും ആഫ്രിക്കയിൽ ഉണ്ടായിരുന്ന ഫ്രെഞ്ചു കൊളോണിയൽ ആധിപത്യവും മറ്റും അദ്ദേഹത്തിന്റെ മൂർച്ചയേറിയ ബൗദ്ധിക വ്യാപാരത്തേയും അപനിർമാണസങ്കേതത്തെയും പരോക്ഷമായി സ്വാധീനിച്ചിട്ടുണ്ടെന്ന് വിചാരിക്കാൻ വളരെ ന്യായമുണ്ട്. തന്റെ ചിന്താസരണിയെ ദൈവശാസ്ത്രവിചിന്തനവുമായി ബന്ധിപ്പിക്കാനുള്ള ശ്രമവും പിൽക്കാല ദെറീദയിൽ കാണാം.

ഫ്രെഞ്ച് ഭാഷ, ആധുനിക യൂറോപ്യൻ ഫിലോസഫി, പുരാതന ഗ്രീക്ക് ദർശനം എന്നിവയിലുള്ള പരിചയം ദെറിദയുടെ രചനകൾ മനസ്സിലാക്കാൻ അനുപേക്ഷണീയമാണ്. ആധുനികതയുടെ ബൗദ്ധിക സങ്കല്പങ്ങളെ ആഴമായി വിമർശിക്കുകയും പൊളിച്ചടുക്കുകയും ചെയ്തു എന്നതാണ് ദെറിദയുടെ പ്രശസ്തിക്ക് മുഖ്യകാരണം. ●

*(സുകുമാർ അഴീക്കോട് ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്തു നടത്തിയ 'ആധുനിക വിചാര ശില്പികൾ' പരമ്പരയിലെ പ്രഭാഷണം. frkmgeorge@hotmail.com)*



മലയാളം Fri, 17 April 2015
epaper.malayalamvaarika.com/c/5157473